രൂപ ചെലവുവരും മറ്റു പ്രവൃത്തികളും രണ്ടാം ഭാഗത്തിൽ ഉൾപ്പെടും. കരമനപാലത്തിന് വീതി കുറവാണെങ്കിലും ട്രാഫിക് ശക്തി കുറവുള്ള പാലമല്ലായെന്നുള്ളതുകൊണ്ട് തൽക്കാലം പാലത്തിന് മാറ്റം വരുത്തേണ്ടതില്ലെന്നാണ് നാറ്റ്പാക്കിന്റെ അഭിപ്രായം. കിള്ളിപ്പാലത്തിന്റെ വീതികൂട്ടാനും മറ്റൊരു ചെറിയ പാലം അതിന്റെ വശത്ത് നിർമ്മിക്കാനുമുള്ള പരിപാടികളും രണ്ടാം ഭാഗത്താണ് വരുന്നത്. റോഡ് വീതി കൂട്ടുന്നതിന് ആവശ്യമായ നടപടിയും ഭരണാനുമതിയും ഉടനെ നല്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ പ്രശ്നം ഇനിമേലിൽ ഇവിടെ ഉന്നയിക്കേണ്ടിവരികയില്ലായെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, അങ്ങു പറഞ്ഞു കരമനപ്പാലത്തിന്റെ ശക്തിക്കു ക്ഷയം വന്നിട്ടില്ലായെന്ന്. പക്ഷേ വീതി വളരെ കുറവാണ്. അതുകൊണ്ട് ഈ കാര്യം പരിശോധിച്ച് ട്രിവാൻഡ്രം ഡവലപ്മെന്റ് അതോറിറ്റി ഗവൺമെന്റിന്റെ മുൻപിൽ സമർപ്പിച്ച പ്രൊപ്പോസലിന് ആവശ്യമായ നടപടികളും സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, ഈ സംകീർ അരമണിക്കൂറിനു മുൻപാണ് എന്റെ കയ്യിൽ തന്നത്. അതു പരിശോധിച്ചില്ല. പരിശോധിക്കാം. പക്ഷേ വീതികുറഞ്ഞ പാലങ്ങളെല്ലാം ഉടനെ പൊളിച്ചു മാറ്റുന്നതിനു പ്രായോഗികമായ ചില ബുദ്ധിമുട്ടുകളുണ്ട്. അതുകൊണ്ടാണ് കരമനപ്പാലം പൊളിച്ചുമാറ്റണമെന്ന് പറഞ്ഞത്.

(2) തേയിലവ്യവസായത്തിലെ പ്രതിസന്ധി

ശ്രീ. കെ കെ. തോമസ്: സർ, കേരളത്തിലെ തേയിലവ്യവസായത്തിനുണ്ടായ പ്രതിസന്ധി ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളെപോലെ തേയില വ്യവസായവും ഏതാണ്ട് മൂന്നുലക്ഷത്തോളം തൊഴിലാളികളെ സംരക്ഷിക്കുന്നുണ്ട്. വിസ്തൃതമായ എന്റെ നിയോജക മണ്ഡലത്തിലെ 70 ശതമാനത്തോളം പ്രദേശങ്ങളിലും തേയിലവ്യവസായം ഉണ്ട്. ഏതാണ്ട് എഴുപതിനായിരത്തോളം തൊഴിലാളികളും ഈ വ്യവസായവുമായി ബന്ധപ്പെട്ടു കഴിഞ്ഞുവരുന്നു. ദേവികുളത്ത് ഏതാണ്ട് 75,000 തൊഴിലാളികൾക്ക് തേയിലവ്യവസായം തൊഴിൽ നൽകുന്നു. കേരളത്തിലെ വയനാട്, തെൻമല തുടങ്ങിയ പ്രദേശങ്ങളിലും തേയിലവ്യവസായമുണ്ട്. കേരളത്തിലെ മൂന്നു ലക്ഷത്തോളം തൊഴിലാളികളും ഈ വ്യവസായവുമായി ബന്ധപ്പെട്ടുവരുന്നു. തേയിലയ്ക്ക് വില കുറഞ്ഞു എന്നുള്ള കാരണത്താൽ തോട്ടം ഉടമകൾ ഇന്നു സ്വീകരിച്ചിരിക്കുന്ന നയം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളും ഇല്ലാതാക്കുകയും ക്ഷേമ പ്രവർത്തനങ്ങളും മരവിപ്പിക്കുകയും ചെയ്യുക എന്നതാണ്. അതുകൊണ്ട് ഏതാണ്ട് മൂന്നുലക്ഷത്തോളം തൊഴിലാളികളുടെ ജീവിത നിലവാരത്തേയും അവരുടെ ഭാവിയേയും ഇത് സാരമായി ബാധിക്കുന്നു. തേയിലയുടെ വില കുറഞ്ഞതിനെ സംബന്ധിച്ച് എനിക്ക് അറിയാവുന്ന ചില വിവരങ്ങൾ സഭയിൽ ബോദ്ധ്യപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. 1978-ൽ തേയിലയുടെ വില കുത്തനെയുയർന്നപ്പോൾ നമ്മുടെ പ്രധാനമന്ത്രിയായിരുന്ന മൊറാർജിദേശായി

LIBRARY ARCHIVES Kerala Legislative Assembly

യുടെ നയം തേയില വ്യവസായത്തെ സാരമായി ക്ഷീണിപ്പിച്ചു. അതിനുശേഷം 1984-ൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച ചില നിയന്ത്രണത്തിന്റെയും നയത്തിന്റെയും അടിസ്ഥാനത്തിലാണ് ഇന്ന് തേയിലയ്ക്ക് വിലക്കുറവ് ഉണ്ടായത്. കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന തേയിലയുടെ 60 ശതമാനം കയറ്റുമതി ചെയ്യപ്പെട്ടിരുന്നു. ഇപ്പോൾ മൂന്നു ശതമാനം മാത്രമാണ് കയറ്റുമതി ചെയ്യുന്നത്. കൊച്ചിയിലെ വെയർഹൗസുകളിൽ തേയില കെട്ടിക്കിടക്കുകയാണ്. കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന തേയിലയുടെ70 ശതമാനവും സി.ടി.സി. ബ്രാൻഡ് തേയിലയാണ്. കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്തിയ നിയന്ത്രണത്തിന്റെ ഫലമായി സി.ടി.സി. ബ്രാൻഡ് തേയില കയറ്റുമതി ചെയ്യേണ്ടെന്നു തീരുമാനിച്ചു. അതിൻമേൽ നിരോധനമേർപ്പെടുത്തി. ഇൻഡ്യയിലെ ആഭ്യന്തര ഉപയോഗം ക്രമപ്പെടുത്തുന്നതിനു വേണ്ടിയായിരുന്നു ഈ നടപടി സ്വീകരിച്ചത്. ഇത് കേരളത്തിലെ തേയില വ്യവസായത്തിന്റെ കഴുത്തിന് കത്തി വെയ്ക്കുകയായിരുന്നു. വടക്കേ ഇൻഡ്യൻ തേയില ഗുണത്തിൽ മെച്ചപ്പെട്ടതാണ്. കയറ്റുമതിയിൽ 80 ശതമാനവും വടക്കേ ഇൻഡ്യയിൽ നിന്ന് കയറ്റുമതി ചെയ്യപ്പെടുകയും ആഭ്യന്തര ഉപഭോഗം വടക്കേ ഇൻഡ്യൻ തേയില അപഹരിക്കുകയും ചെയ്യുന്നു. കേരളത്തിൽ ഒരു കിലോഗ്രാം തേയിലയുടെ വില 18 രൂപയാണ്. ഉല്പ്പാദനചിലവ് 19 രൂപ 50 പൈസ വരുമെന്നറിയുന്നു. അതിൽ 75 ശതമാനവും ഓക്ഷൻ വെക്കണം. അങ്ങനെ ഓക്ഷൻവെച്ച നാലു ലക്ഷത്തോളം കിലോഗ്രാം തേയില കെട്ടിക്കിടക്കുന്നതായിട്ടാണ് അറിയുവാൻ സാധിച്ചത്. സംസ്ഥാന ഗവൺമെന്റ് ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. കേന്ദ്രഗവൺമെന്റിന്റെ വാണിജ്യകാര്യവുമായി ബന്ധപ്പെട്ട് സത്വര നടപടി സ്വീകരിക്കണം. സോവിയറ്റ് റഷ്യ, ഈജിപ്ത്, ഇറാൻ തുടങ്ങിയ രാഷ്ട്രങ്ങൾ സി.ടി.സി. യുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തിയതിന്റെ പേരിൽ നമ്മുടെ കമ്പോളംവിട്ട് ശ്രീലങ്ക മുതലായ രാജ്യങ്ങളുമായി ബന്ധം വെച്ച് അവിടെ നിന്നും തേയില സംഭരിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ തേയില വ്യവസായത്തെ ബാധിച്ചിരിക്കുന്ന ഈ പ്രതിസന്ധി സംസ്ഥാനഗവൺമെന്റിന് കണ്ടില്ലെന്നു നടിക്കുവാൻ സാദ്ധ്യമല്ല. ഇതിൽ ഗൗരവമായി ഇടപെടണം. മലയോര പ്രദേശങ്ങളിലെ വ്യവസായ മേഖല നാണ്യവിളയുടെ സമ്പൽകുമ്പാരമായി മാറിയിരിക്കുന്ന തേയിലവ്യവസായത്തെ സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാനഗവൺമെന്റ് ഇടപെടണം. എന്റെ നിയോജകമണ്ഡലത്തിലെ തൊഴിലാളികളും പട്ടിണിയിലും കഷ്ടപ്പാടിലുമാണ് കഴിഞ്ഞുകൂടുന്നത്. അവരുടെ വേതനം മരവിപ്പിക്കുന്നതും ക്ഷേമ പ്രവർത്തനങ്ങളും തടയുന്നതും കണ്ടുകൊണ്ടിരിക്കാൻ എനിക്ക് സാദ്ധ്യമല്ല. അതുകണ്ട് എനിക്ക് ആത്മഹത്യ ചെയ്യേണ്ടതായിട്ടുവരും. അതുകൊണ്ട് വ്യവസായ പുനഃരുദ്ധാരണത്തിനുവേണ്ടി നടപടി സ്വീകരിക്കണമെന്നു വിനയപൂർവ്വം ഞാൻ പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, തേയില വ്യവസായരംഗത്ത് പുതുതായി ഉണ്ടായ സംഭവവികാസങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 43.2 മില്യൻ കിലോഗ്രാം തേയിലയാണ് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത്. മറ്റു സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കേരളത്തിൽ ഒരു ഹെക്ടറിൽനിന്നു ലഭിക്കുന്ന തേയിലയുടെ അളവ്

LIBRARY ARCHIVES Kerala Legislative Assembly

തുലോം കുറവാണ്. ഇതിന് പ്രധാനമായ കാരണം കേരളത്തിലെ തോട്ടങ്ങളുടെ ഭൂമിശാസ്ത്രപരമായ കിടപ്പും മറ്റു കാര്യങ്ങളുമാണ്. തേയില വ്യവസായത്തിൽ കാലാകാലങ്ങളിൽ വരുന്ന പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി ചെയർമാനായിട്ട് ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി ഇതിനുമുമ്പ് 7-10-1982, 22-12-1983 എന്നീ തീയതികളിൽ യോഗം ചേർന്നു തീരുമാനങ്ങളെടുത്തു. അതുപ്രകാരം സംസ്കരിക്കപ്പെട്ട തേയിലയ്ക്ക് 1983 വരെ വിൽപ്പന നികുതിയിൽ 50 ശതമാനം കുറവുണ്ടായിരുന്നു. ഇലക്ട്രിസിറ്റി ബോർഡ് ഹൈടെൻഷൻ വ്യവസായ ഉപഭോഗവസ്തുക്കളായി തേയില വ്യവസായത്തെ കരുതി ഓർഡർ ഇഷ്യു ചെയ്തു. കൊച്ചിയിൽ ലേലംചെയ്ത കയറ്റുമതി ചെയ്യുന്ന തേയില വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് 30-8-1984-ന് ഉത്തരവ് പുറപ്പെടുവിച്ചു. ഇതൊക്കെ സംസ്ഥാന ഗവൺമെൻറ് ചെയ്ത കാര്യങ്ങളാണ്. ഈ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന തേയിലയുടെ വിലയിടിവ് കേന്ദ്രഗവൺമെൻറ് തേയിലയുടെ വിൽപ്പനയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണംകൊണ്ടാണെന്ന് പറഞ്ഞ് 22-1-1985-ൽ ഞാൻ കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി ശിവശങ്കറിന് ഒരു കത്തെഴുതുകയുണ്ടായി. അതിന് അദ്ദേഹം മറുപടി തന്നു. തേയിലയുടെ വിലയിടിവിനെ സംബന്ധിച്ച് അദ്ദേഹം ആ കത്തിൽ പറഞ്ഞിട്ടുള്ളത് It would not be correct to presume that the fall in prices in Kerala has been as a result of various restrictions imposed by the Government on export of tea. Fall in tea prices during 1985 has been an international phenomena. In fact prices fall in auction centres outside india has by and large been greater than in India on account of surplus availability of poor rate of tea എന്നാണ്. തേയിലയുടെ വിലയിടിവ് അന്താരാഷ്ട്ര തലത്തിൽത്തന്നെ പൊതുവെ ഉള്ളതാണ്, കേരളത്തെ മാത്രം ബാധിക്കുന്നതല്ല. കുറഞ്ഞതരം തേയില ധാരാളമായി കമ്പോളത്തിൽ വരുന്നു എന്നുള്ള മറുപടിയാണ് കിട്ടിയത്. അതിനുശേഷം ഈ സ്ഥിതിയ്ക്ക് മാറ്റം വരുമെന്നുള്ള പ്രത്യാശ പ്രകടിപ്പിച്ചിട്ടുണ്ട്. തേയില കയറ്റുമതിയിൽ അന്നുണ്ടായിരുന്ന നിയന്ത്രണങ്ങളും എടുത്തുകളഞ്ഞു. എന്നാൽ തേയിലവിൽപ്പനയെ നിയന്ത്രിക്കുന്ന ഏതെങ്കിലും ഒരു നയം കേന്ദ്രഗവൺമെൻറ് രൂപീകരിക്കുമ്പോഴും സംസ്ഥാന ഗവൺമെൻറിൻറെ അറിവോടുകൂടി ആയിരിക്കണമെന്ന് ഈ ഗവൺമെൻറ് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ മേഖലാതലത്തിലാണ് എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുള്ളത്. ദേവികുളം ഉടുമ്പൻചോല താലൂക്കുകളിൽ മാത്രമാണ് എക്സൈസ് ഡ്യൂട്ടി 60 പൈസ നിശ്ചയിച്ചിട്ടുള്ളത്. കേരളത്തിലെ മറ്റു സ്ഥലങ്ങളിൽ 40 പൈസയാണ്. അതേസമയം വടക്കേ ഇന്ത്യയിലും മറ്റുള്ള ചില സ്ഥലങ്ങളിലും എക്സൈസ് ഡ്യൂട്ടി അധികമാണ്. ഇതുസംബന്ധിച്ചും കേരള ഗവൺമെൻറുമായി ആലോചിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറയാത്ത ഒരു പുതിയ സംഭവംകൂടി ഈ രംഗത്തുണ്ടായിട്ടുണ്ട്. അതിനെ തുടർന്ന് ഇന്നലെ കേന്ദ്രമന്ത്രി ശ്രീ. ശിവശങ്കറുമായും കോമേഴ്സ് സെക്രട്ടറിയുമായും ബന്ധപ്പെടുകയുണ്ടായി. ഈ കഴിഞ്ഞ 17-ാംതീയതി കൊച്ചിയിൽ നടന്ന തേയില ലേലത്തിൽ റഷ്യ പങ്കെടുത്തില്ല എന്നുള്ളത് ഒരു ദുഃഖസത്യം മാത്രമാണ്. ഈ നടപടി ശരിയല്ലെന്നും അതിനുവേണ്ടി റഷ്യയെ പ്രേരിപ്പിക്കണമെന്നും പറഞ്ഞു. ഇന്ത്യയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് തേയില വാങ്ങിക്കൊള്ളാമെന്ന് ട്രേഡ് പ്ലാനിൽ റഷ്യ പറഞ്ഞിട്ടുണ്ട്. പക്ഷേ അത് എവിടെനിന്നു വാങ്ങിക്കണം എന്നുള്ളത് റഷ്യതന്നെ തീരുമാനിക്കണമെന്നുള്ളതാണ് കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള കൗൺസംട്ടേറീവ് കമ്മിറ്റി വിളിച്ചുകൂട്ടി കേരള ഗവൺമെന്റിനു ഇതിൽ എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതൊക്കെ ചെയ്യാനുള്ള നടപടികളെടുക്കുന്നതാണെന്നു ഞാൻ ഉറപ്പുതരുന്നു.

ശ്രീ. കെ. കെ. തോമസ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് കേന്ദ്ര ഗവൺമെന്റ് 1986-ൽ ഏർപ്പെടുത്തിയ നിയന്ത്രണം പിൻവലിച്ചു എന്നാണ്. വിദേശ രാജ്യങ്ങളും തേയില വാങ്ങാൻ കമ്പോളത്തിൽ വരുന്നില്ല. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തേയിലയുടെ 50 ശതമാനമെങ്കിലും കയറ്റുമതി ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ ഗവൺമെന്റിനു സാധിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ഇപ്പോഴും ബാർ ഓർഡർ ഇല്ലാത്തതുകൊണ്ട് ഏത് സ്ഥലത്തുനിന്നു തേയില വാങ്ങിക്കണമെന്നു തീരുമാനിക്കേണ്ടതു അതാതു രാജ്യങ്ങളാണ്. കേരളത്തിൽനിന്ന് വാങ്ങാനായി കേന്ദ്രത്തോട് പ്രത്യക്ഷമായും വേണ്ടിവന്നാൽ പരോക്ഷമായും സമ്മർദ്ദം ചെലുത്താൻ പറയാൻ മാത്രമേ സാധിക്കൂ.

IV. സബ്മിഷൻ

(1) പൂർത്തിയാക്കാത്ത പി. ഡബ്ലിയു. ഡി. റോഡുകളും എം. എൽ. എ. റോഡുകളും

ശ്രീ. പി. സി. ജോർജ്: സർ, ഇന്ന് പണി ആരംഭിച്ച പി. ഡബ്ലിയു. ഡി. റോഡുകളും, എം. എൽ. എ. റോഡുകളും പണി പൂർത്തിയാക്കുന്നില്ല. പി. ഡബ്ലിയു. ഡി. കോൺട്രാക്ടർമാർ റോഡ് പണി ആരംഭിച്ചിട്ട് പകുതിയാകുമ്പോൾ ഇട്ടിട്ടു പോകും. എം. എൽ. എ. റോഡുകളും പൂർത്തിയാകാത്തതുകൊണ്ട് എനിക്ക് എന്റെ നിയോജകമണ്ഡലത്തിൽ ചെല്ലാൻ നിവൃത്തിയില്ല. എന്റെ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡുകളായ കുറുമണ്ണ-പയസ്മൗണ്ട്-പൈകടപ്പീടിക റോഡിന്റെ കാര്യമെടുത്താൽ കോൺട്രാക്ടർമാർ എഗ്രിമെന്റ് വച്ചതിനുശേഷം അവിടെ 6 ലോഡ് കല്ലിട്ടിട്ട് രണ്ടുകൊല്ലമായി. പിന്നീട് അങ്ങോട്ട് തിരിഞ്ഞു നോക്കുന്നില്ല. അതുപോലെ വേറൊരു എം. എൽ. എ. റോഡായ തേൻപുഴ-ഇളങ്കാട് റോഡിന്റെ പണി പകുതിയാക്കിയിട്ടിരിക്കുകയാണ്. ബസ്സും, കാറും, ജീപ്പും ഒന്നും പോകുകയില്ലെന്ന നിലയിലാണ്. കോൺട്രാക്ടറെ കാണാനില്ല. പണി പകുതിയാക്കിയിട്ടിട്ടു പോകുന്ന കോൺട്രാക്ടറുടെമേൽ നടപടി സ്വീകരിക്കാൻ ഇന്ന് നിയമമില്ലായെന്നുള്ള വസ്തുത ഇതിനുമുമ്പ് ഞാൻ സഭയിൽ പറഞ്ഞതാണ്. അങ്ങനെയുള്ള കോൺട്രാക്ടർമാരുടെമേൽ നടപടി സ്വീകരിക്കാനുള്ള നിയമനിർമ്മാണം നടത്താൻ ദൈവത്തെ ഓർത്ത് ഈ ഗവൺമെന്റ് തയ്യാറാകണമെന്ന് വളരെ താഴ്മയോടുകൂടി ഞാൻ അപേക്ഷിക്കുകയാണ്.

[10 a. m.]

LIBRARY ARCHIVES Kerala Legislative Assembly